**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - എസ്.ബി.ഐ ആലപ്പുഴ സിവിൽ സ്റ്റേഷൻ ബ്രാഞ്ചിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ ഒരു കറന്റ് അക്കൗണ്ട് തുടങ്ങിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.5521/2018/ധന.** തിരുവനന്തപുരം, തീയതി **29/06/2018**

പരാമർശം:- 1. 20.03.2018 തീയതിയിലെ പഞ്ചായത്ത് ഡയറക്ടറുടെ എഫ്3-171/18 നമ്പർ കത്ത്.

2. 24/11/2017 തീയതിയിലെ സർക്കുലർ നം. 83/2017/ധന.

3. 30/01/2018 തീയതിയിലെ സർക്കുലർ നം. 8/2018/ധന.

4. ഭരണ വകുപ്പ് ഫയൽ നം. LSGD-FM1/151/2018-LSGD Computer No. 829794

**ഉത്തരവ്**

ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ ടി.എസ്.ബി അക്കൗണ്ട് മാത്രമാണ് നിലവിലുണ്ടായിരുന്നതെന്നും വിവിധ ആവശ്യങ്ങൾക്കായി സമാഹരിച്ചിരുന്ന തുക ബന്ധപ്പെട്ട ഓഫീസുകൾക്ക് കൈമാറ്റം ചെയ്യുന്നതിനും പരിശീലന ആവശ്യങ്ങൾക്കായി ലഭിക്കുന്ന തുക നിക്ഷേപിക്കുന്നതിനുമായി എസ്.ബി.ഐ ആലപ്പുഴ സിവിൽ സ്റ്റേഷൻ ബ്രാഞ്ചിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ ഒരു കറണ്ട് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതിയ്ക്കായി അപേക്ഷ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നെങ്കിലും അനുമതി ലഭിക്കുന്നതിന് മുൻപ് തന്നെ പെർഫോമൻസ് ഓഡിറ്റ് മാന്വൽ സംബന്ധിച്ച പരിശീലന പരിപാടിയ്ക്ക് അഡ്വാൻസ് തുക നൽകുന്നതിനായി എസ്.ബി.ഐ ആലപ്പുഴ സിവിൽ സ്റ്റേഷൻ ബ്രാഞ്ചിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ ഒരു കറന്റ് അക്കൗണ്ട് തുടങ്ങുന്നതിനുള്ള സാഹചര്യമുണ്ടായി എന്നും ആയതിനു സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ എസ്.ബി.ഐ ആലപ്പുഴ സിവിൽ സ്റ്റേഷൻ ബ്രാഞ്ചിൽ തുടങ്ങിയ കറണ്ട് അക്കൗണ്ട് ക്ലോസ് ചെയ്തുകൊണ്ട്, സർക്കാരുമായി ബന്ധപ്പെട്ട പണമിടപാടുകൾ ആലപ്പുഴ പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിലവിലുള്ള റ്റി.എസ്.ബി. അക്കൗണ്ട് മുഖേന നടത്തേണ്ടതാണെന്ന നിർദ്ദേശത്തോടെ പെർഫോമൻസ് ഓഡിറ്റ് മാന്വൽ സംബന്ധിച്ച പരിശീലന പരിപാടിയ്ക്ക് അഡ്വാൻസ് തുക നൽകുന്നതിനായി എസ്.ബി.ഐ ആലപ്പുഴ സിവിൽ സ്റ്റേഷൻ ബ്രാഞ്ചിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ കറന്റ് അക്കൗണ്ട് തുടങ്ങിയ നടപടി സാധൂകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
തദ്ദേശ-സ്വയംഭരണ വകുപ്പ് (e-file No: LSGD-FM1/151/2018-LSGD Computer No. 829794 പ്രകാരം)
ധനകാര്യ (Dev) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ